# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1786

## 04-05-2017 ൽ മറുപടിക്ക്

## കിഫ്ബി കൂടുതൽ സാങ്കേതികവല്ക്കരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ഉന്നതതലത്തിൽ ഇപ്പോൾ ഐ.എ.എസ്.ഉദ്യോഗസ്ഥർ മാത്രമാണെന്നും അവർക്ക് സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിലുള്ള പരിചയക്കുറവ് കിഫ്ബിയുടെ ധനസമ്പാദനത്തെ ബാധിക്കാൻ സാധ്യതയുണ്ട് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ഭേദഗതി ചെയ്ത കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിലെ 4 -ാം ഖണ്ഡിക പ്രകാരം അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ഭരണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനുമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് രൂപീകരിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ബഹു. കേരള മുഖ്യമന്ത്രി ചെയർമാനും, ധനകാര്യ മന്ത്രി വൈസ് ചെയർമാനുമായ ഈ ബോർഡിൽ ചീഫ് സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡിന്റെ വൈസ് ചെയർമാൻ, നിയമവകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ധനകാര്യ റിസോഴ്സസ് സെക്രട്ടറി, ധനകാര്യം, സാമ്പത്തിക ശാസ്ത്രം, ബാങ്കിംഗ് എന്നിവയിൽ ഒന്നോ അതിലധികമോ മേഖലകളിൽ ദേശീയ പ്രശസ്തിയുള്ള ഒരു സ്ഥാപനത്തിൽ പ്രവർത്തിച്ചിട്ടുള്ള വിദഗ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങൾ എന്നിവർ അംഗങ്ങളും, കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മെമ്പർ സെക്രട്ടറിയുമാണ്. ഇവരുടെ കൂട്ടായ പ്രവർത്തനം വഴി കിഫ്ബി ലക്ഷ്യമിട്ടിട്ടുള്ള ധന സമ്പാദനം സാദ്ധ്യമാകും. സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങളിൽ വളരെ വിദഗ്ധരും പരിചയ സമ്പന്നരുമായ ഏഴ് |

| | |
|---|---|
| | സ്വതന്ത്ര അംഗങ്ങളെ കിഫ് ബോർഡിൽ ഉൾപ്പെടുത്തി ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ കിഫ്ബിയുടെ നിലവിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഒരു ചാർട്ടേഡ് ഫിനാൻഷ്യൽ അനലിസ്റ്റാണ്. |
| (ബി) ബാങ്കിംഗ് രംഗത്ത് പരിചയമുള്ള എക്സ് ബാങ്കർമാർ, ഇൻഷുറൻസ്/മ്യൂച്ചൽഫണ്ട് രംഗത്ത് പരിചയമുള്ള വ്യക്തികൾ, ഐ.ഐ.എം. കൽക്കട്ട , ഐ.ഐ.എം. ബാംഗ്ലൂർ എന്നിവിടങ്ങളിൽ നിന്നുള്ള സാമ്പത്തിക വിദഗ്ധർ, ചാർട്ടേഡ് അക്കൗണ്ടന്റ് ബിരുദധാരികൾ തുടങ്ങി വിവിധ സാമ്പത്തിക സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ കിഫ്ബിയിലെ ധനാഗമ വിഭാഗം മാനേജ്മെന്റ് സംവിധാനം ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ:വ്യക്തമാക്കുമോ ; | കിഫ്ബിയിലെ ധനാഗമ കാര്യങ്ങൾ നിരീക്ഷിക്കാനും, നിയന്ത്രിക്കാനും, നയിക്കാനും ബോർഡിൽ സാമ്പത്തിക രംഗത്തെ വിദഗ്ധരായ ഏഴ് സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയുടെ ട്രസ്റ്റി ആയി പ്രവർത്തിക്കുന്നതിനും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത കിഫ് ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണെന്നും, ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായി ബാങ്കിംഗ്, ധനകാര്യ റഗുലേഷൻ, സാമ്പത്തിക വിപണികൾ, ഭരണ നിർവ്വഹണം അല്ലെങ്കിൽ സാമ്പത്തികം എന്നിവയിലേതെങ്കിലും ഒരു മേഖലയിൽ ദേശീയ തലത്തിലോ, അന്തർദേശീയ തലത്തിലോ പരിചയ സമ്പന്നത തെളിയിച്ചവരുമായ മൂന്നംഗങ്ങൾ ഉൾപ്പെട്ട ഒരു ഫണ്ട് ട്രസ്റ്റി & അഡൈ്വസറി കമ്മീഷ (FTAC) നെയും നിയമിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഇതിനു പുറമേ സ.ഉ.(കൈ) നം. 77/2017/ധന തീയതി 14.02.2017 പ്രകാരം കിഫ്ബിയിലെ ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ മാനേജ്മെന്റ് - നിയമ - സാമ്പത്തിക വിദഗ്ധരുൾപ്പെടുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് രൂപീകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ പുരോഗമിക്കുന്നു. |
| (സി) കിഫ്ബിയിൽ ഇപ്പോൾ എത്ര തുകയുണ്ടെന്നും സെപ്റ്റംബർ മാസത്തോടെ എത്ര തുക | 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ |

| | |
|---|---|
| സമാഹരിക്കാൻ കഴിയുമെന്നും ചിട്ടി വഴി എത്ര തുക സെപ്റ്റംബർ മാസത്തോടെ കിട്ടുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | അവശേഷിച്ച 2498.41 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്റ്റിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ. യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. രണ്ട് ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികൾ ആരംഭിക്കനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) കിഫ്ബി ഷെയർ മാർക്കറ്റിൽ ഇറങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ? | കിഫ്ബി ഷെയർമാർക്കറ്റിൽ ഇറങ്ങുന്നതിനെക്കുറിച്ച് ഇതുവരെ തീരുമാനമൊന്നും തന്നെ കൈക്കൊണ്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2016 നവംബർ 4<br>4th November 2016<br>1192 തുലാം 19<br>19th Thulam 1192<br>1938 കാർത്തികം 13<br>13th Karthika 1938 | നമ്പർ<br>No. | 1888 |


GOVERNMENT OF KERALA

**Finance (Infrastructure) Department**

NOTIFICATION

G. O. (P) No. 168/2016/Fin.

*Dated, Thiruvananthapuram, 4th November, 2016.*

**S. R. O. No. 673/2016.**—In pursuance of Section 4(1) of the Kerala Infrastructure Investment Fund Act, 1999 as amended vide the Kerala Infrastructure Investment Fund (Amendment) Ordinance 2016 (Ordinance No. 6 of 2016) Government are pleased to re-constitute, with immediate effect, the Kerala Infrastructure Investment Fund Board (KIIFB) as follows:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2016.
33/3573/2016/S-11.

| | | | |
|---|---|---|---|
| (a) | Chief Minister | .. | Chairperson |
| (b) | Minister for Finance | .. | Vice-Chairperson |
| (c) | Vice-Chairman, State Planning Board | .. | Member |
| (d) | Chief Secretary | .. | Member |
| (e) | Secretary (Law) | .. | Member |
| (f) | Secretary (Finance) | .. | Member |
| (g) | Secretary (Finance-Resources) | .. | Member |
| (h) | Seven Independent Members who are experts, who have worked in an institution of national repute in one or more of the areas of Finance, Banking, Economics | .. | Members |
| (i) | Chief Executive Officer | .. | Member Secretary. |

*Explanation*:—For the purpose of the porvisions of the Act the term 'Secretary' shall denote Additional Chief Secretary, Principal Secretary, Secretary or Special Secretary to Government, as the case may be.

Government are also pleased to nominate the following persons as Independent Members in the Board:

| *Sl. No.* | *Name* | *Background* | *Address* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Dr. D. Babu Paul | Former Finance Secretary, Government of Kerala | Cheerathottam, Mummy's Colony, Kowdiar, Thiruvananthapuram |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | Prof. C. P. Chandrasekhar | Professor, Centre for Economic Studies and Planning | School of Social Sciences, Jawaharlal Nehru University, New Delhi. |
| 3 | Prof. Sushil Khanna | Professor, Economics and Finance, IIM, Calcutta | 218 B, Lake Terrace Extn., Indian Institute of Management, D. H. Road, Calcutta-700 104. |
| 4 | Sri Salim Gangadharan | Former Regional Director, Reserve Bank of India, Thiruvananthapuram | C-26, RNP Lane, Near Jawahar Nagar, Vellayambalam, Sasthamangalam P.O., Thiruvananthapuram-695 010. |
| 5 | Sri J. N. Gupta | Former Executive Director, SEBI and Managing Director, Stakeholders Empowerment Services | B 204, Muktangan, Upper Govind Nagar, Malad East, Mumbai-400 097. |
| 6 | Sri Radhakrishnan Nair | Former Executive Director, SEBI | J 1403, Raheja Vistas, Raheja Vihar, Chandivali, Powai, Mumbai-400 072. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | Dr. Sudipto Mundle | Member 14th Finance Commission, Former Director Strategy and Policy Department, Asian Development Bank (ADB), Emeritus Professor & Member of Board of Governors, National Institute of Public Finance & Policy (NIPFP) | 18/2 Satsang Vihar Marg, Special Institutional Area (Near JNU), New Delhi-110 067. |

By order of the Governor,

DR. K. M. ABRAHAM,
*Additional Chief Secretary (Finance).*

**Explanatory Note**

(This does not form part of the notification, but is intended to indicate the general purport.)

As per Section 4 (1) of the Kerala Infrastructure Investment Fund Act, 1999 (Act 4 of 2000) the Government may, by notification in the Gazette, constitute with effect from such date as may be specified therein, a Board to be called "the Kerala Infrastructure Investment Fund Board" for the administration of the fund and to supervise or carry out the activities financed from the fund. As per the Extraordinary Gazette Notification No.1464 dated 19-8-2016 Government have notified the amendment of the said Act vide the Kerala Infrastructure Investment Fund (Amendment) Ordinance, 2016 (Ordinance No. 6 of 2016). Accordingly the General Body of the Kerala Infrastructure Investment Fund Board has been reconstituted with the Hon'ble Chief Minister as Chairperson of the Board and the same is required to be notified through the Gazette.

This notification is intended to achieve the above objective.

**PROCEEDINGS OF THE CHIEF EXECUTIVE OFFICER,**
**KERALA INFRASTRUCTURE INVESTMENT FUND BOARD**
**THIRUVANANTHAPURAM**
**(Present: Dr. K.M. Abraham CFA IAS )**

**ORDER No. FA – 2/40/2017/KIIFB Dated 15.04.2017**

Sub : - KIIFB (Finance & Administration) – Constitution of Fund Trustee and Advisory Commission (FTAC) - Sanctioned - Orders issued.

Read:- 1. Section 6C of Kerala Infrastructure Investment Fund (Amendment) Act, 2016.
2. Minutes of 28th Board Meeting of KIIF Board held on 21.03.2017.

# ORDER

Section 6C of the Kerala Infrastructure Investment Fund (Amendment) Act, 2016 provides for the constitution of a Fund Trustee and Advisory Commission (FTAC) in Kerala Infrastructure Investment Fund Board (KIIFB) to ensure that all investments of the Fund serve the purpose and intent of the Act and that there is no diversion of funds of the Board.

In pursuance of Section 6C of the KIIF (Amendment Act read as 1st paper above and in accordance with the Resolution of the Board vide the minutes read 2nd paper above, the Fund Trustee and Advisory Commission (FTAC) is constituted as follows:

1. **Sri. Vinod Rai, former Comptroller & Auditor General of India – CHAIRMAN**
2. **Smt. Usha Thorat, former Deputy Governor, Reserve Bank of India – MEMBER**
3. **Sri.G. Padmanabhan, former Executive Director, Reserve Bank of India – MEMBER**

**Dr. K.M. ABRAHAM CFA IAS**
**CHIEF EXECUTIVE OFFICER**

**To**

1.Sri. Vinod Rai, former Comptroller & Auditor General of India (with CL)
2.Smt. Usha Thorat, former Deputy Governor , Reserve Bank of India (with CL)
3.Sri.G. Padmanabhan, former Executive Director, Reserve Bank of India (with CL)
4.The Chief Executive Officer, KIIFB
5.The District Treasury Officer, Thiruvananthapuram
6.The Accounts & Administrative Officer, KIIFB
7.The stock file / Office Copy

Forwarded/By Order

Section Officer